# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 301 — 6-7-2007 ൽ മറുപടിക്ക്

## കുവൈറ്റിലെ ജയിലിൽ കഴിയുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കുവൈറ്റിലെ അനധികൃത കുടിയേറ്റക്കാർക്ക് പിഴ കൂടാതെ കുവൈറ്റ് വിട്ടുപോകാനുള്ള പൊതുമാപ്പ് കാലാവധി അവസാനിച്ചതിനുശേഷം നടന്ന റെയ്ഡിൽ എത്ര മലയാളികളെ പിടികൂടി ജയിലിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ)<br>കുവൈറ്റ് സർക്കാർ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ കാലാവധി 2007 മേയ് ഒന്ന് മുതൽ 2007 ജൂൺ 30-വരെ ആയിരുന്നു. കാലാവധി അവസാനിച്ച ജൂൺ 30ന് ശേഷം മലയാളികളിലാരെയെങ്കിലും അറസ്റ്റ് ചെയ്തതായോ, ജയിലിലാക്കിയതായോ സർക്കാരിന് വിവരമൊന്നും ലഭിച്ചിട്ടില്ല. |
| (ബി) ഇവരെ ജയിൽ മോചിതരാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (ബി യും സിയും ഡിയും)<br>ചോദ്യം ഉദിക്കുന്നില്ല. |
| (സി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്രപേരെ ഇതിനകം നാട്ടിൽ എത്തിക്കുവാൻ കഴിഞ്ഞു; | |
| (ഡി) ജയിലിൽ കഴിയുന്ന മലയാളികളെ തിരികെ നാട്ടിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 302 — 6-7-2007ൽ മറുപടിക്ക്

## ക്ഷീര ദീപം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി.ഇ.എസ്. ബിജി മോൾ<br>ശ്രീ.എൻ.അനിരുദ്ധൻ. | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണ വും ക്ഷീരവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര ദീപം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്നു വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനം 16.5.2007-ൽ നടന്നു |
| (ബി) ക്ഷീര കർഷകർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (ബി) ക്ഷേമനിധിയിൽ അംഗമായശേഷം 5 വർഷം കുറഞ്ഞത് 500 ലിറ്റർ വീതം പാലളക്കുകയും, 60 വയസ് പൂർത്തയാക്കുകയും ചെയ്യ കർഷകർക്ക് പെൻഷൻ, മരണമടഞ്ഞ പെൻഷൻകാരുടെ അർഹരായ ആശ്രിതർക്ക് കുടുംബ പെൻഷൻ സ്ഥായിയായി അവശത അനുഭവിക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് ധനസഹായം എന്നിവ നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിലെഅംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| (സി) ഈ ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ട്; | (സി) ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തീരുമാനത്തിന് വിധേയമായി വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെൻഷൻ,കടുംബപെൻഷൻ എന്നിവ കുടിശ്ശിക കൂടാതെ എല്ലാമാസവും 10-ാം തീയതിയ്ക്കുള്ളിൽ നൽകി വരുന്നുണ്ട്. |
| (ഡി) ക്ഷേമനിധയിൽ ഇതുവരെ എത്ര പേർ അംഗങ്ങളായിട്ടുണ്ട്; | (ഡി) ക്ഷേമനിധയിൽ ഇതുവരെയായി 1,23,769 പേർ അംഗങ്ങളായിട്ടുണ്ട്. |

(ഇ) ഇതിൽ എത്ര പേർക്ക് പ്രതിമാസ പെൻഷൻ നൽകുന്നുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഇ) ഇതുവരെ 19,465 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ ആശ്രിതരായ 47 പേർക്ക് കുടുംബ പെൻഷൻ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 303 — 06-07-2007-ന് വാങ്മൂലം മറുപടിയ്ക്ക്

**പാസ്പോർട്ട്, എമിഗ്രേഷൻ ആഫീസുകളിലെത്തുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) പുതിയ പാസ്പോർട്ട് എടുക്കുന്നതിനും പാസ്പോർട്ടുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുമായി പാസ്പോർട്ട്, എമിഗ്രേഷൻ എന്നീ ആഫീസുകളിൽ എത്തുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍ 304 — 6.7.2007 ല്‍ മറുപടിക്ക്

## പൊതുവിതരണ കേന്ദ്രങ്ങള്‍

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശന്‍ :<br>ശ്രീ. കെ.സി. ജോസഫ് :<br>ശ്രീ. തോമസ് ചാഴിക്കാടന്‍ : | ശ്രീ. സി. ദിവാകരന്‍<br>(ഭക്ഷ്യവും സിവില്‍ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സര്‍ക്കാരിന്റെ കീഴില്‍ ഇപ്പോള്‍ എത്രയെല്ലാം വിഭാഗത്തിലുള്ള പൊതുവിതരണ കേന്ദ്രങ്ങളുണ്ട് ; | എ) സര്‍ക്കാരിന്റെ കീഴില്‍ റേഷന്‍ കടകള്‍, നന്മ സ്റ്റോറുകള്‍, സപ്ലൈ മാര്‍ക്കറ്റുകള്‍, മാവേലി സ്റ്റോറുകള്‍, ലാഭം മാര്‍ക്കറ്റുകള്‍ എന്നിവ പൊതുവിതരണ കേന്ദ്രങ്ങളായി പ്രവര്‍ത്തിച്ചുവരുന്നു. |
| ബി) ഇവയിലൂടെ വില്‍ക്കുന്ന സാധനങ്ങളുടെ വിലയില്‍ ഏകീകരണമുണ്ടോ ; ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>സി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വില്‍ക്കുന്ന സാധനങ്ങളുടെ വില ഏകീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉം (സി) ഉം.<br><br>റേഷന്‍ കടകള്‍ വഴി വില്‍ക്കുന്ന സാധനങ്ങളുടെ വിലയില്‍ ഏകീകരണമുണ്ട്. സപ്ലൈകോ ഔട്ട് ലെറ്റുകളിലെ മാവേലി-നന്മ സാധനങ്ങളുടെ വിലയിലും ഏകീകരണം ഉണ്ട്. അത്യാവശ്യം വേണ്ടിവരുന്ന ലോക്കല്‍ പര്‍ച്ചേയ്സ് സാധനങ്ങളുടെ വിലയില്‍ വ്യത്യാസമുണ്ടാകുന്നത് സ്വാഭാവികമാണ്. |
| ഡി) ഏതെല്ലാം പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വില്‍ക്കുന്ന സാധനങ്ങള്‍ക്കാണ് സബ്സിഡി നല്‍കുന്നത് ; എത്ര ശതമാനം സബ്സിഡിയാണ് ഇപ്പോള്‍ നല്‍കുന്നതെന്നും വ്യക്തമാക്കുമോ ? | ഡി) നന്മ സ്റ്റോറുകള്‍, മാവേലി സ്റ്റോറുകള്‍, ലാഭം മാര്‍ക്കറ്റുകള്‍, സപ്ലൈ മാര്‍ക്കറ്റുകള്‍ എന്നിവയിലൂടെ വില്‍ക്കുന്ന ചെറുപയര്‍, കടല, പയര്‍, തുവരപ്പരിപ്പ്, മുളക്, മല്ലി, ജീരകം, ഉഴുന്ന് (തൊലി കളഞ്ഞത്), ഉഴുന്ന് (പിളര്‍ന്നത്), പീസ് പരിപ്പ്, കടുക്, ഉലുവ എന്നീ ഇനങ്ങള്‍ക്ക് മാര്‍ക്കറ്റ് വിലയെക്കാള്‍ 10 മുതല്‍ 40 ശതമാനം വരെ സബ്സിഡി നല്‍കിയാണ് വില്‍പ്പന നടത്തിവരുന്നത്. |

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.305 — 06.07.2007-ൽ മറുപടിക്ക്

## ഗൾഫ് മേഖലകളിലേയ്ക്ക് കൂടുതൽ വിമാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി:<br>,, രാജു എബ്രഹാം:<br>,, എ.സി. മൊയ്തീൻ:<br>,, മുരളി പെരുനെല്ലി:<br>,, ആർ. സെൽവരാജ്: | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) | ഓണക്കാലത്തെ തിരക്ക് മുന്നിൽക്കണ്ട് വിമാന കമ്പനികൾ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രക്കൂലിയിൽ വൻവർദ്ധനവ് വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതിനു ശ്രമിക്കുമോ; | (ബി) | ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിരന്തര സമ്മർദ്ദം ചെലുത്തി വരികയും ചെയ്യുന്നുണ്ട്. എങ്കിലും പരിഹാരം കണ്ടെത്തിയിട്ടില്ല. |
| (സി) | ഓണക്കാല തിരക്ക് പരിഗണിച്ച് ഗൾഫ് മേഖലകളിലേയ്ക്ക് കൂടുതൽ വിമാനസർവ്വീസുകൾ നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഓണക്കാലത്ത് ഗൾഫ് മേഖലയിൽ നിന്ന് കേരളത്തിലേയ്ക്ക് കൂടുതൽ വിമാന സർവ്വീസുകൾ നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 306 — 6.7.2007 ൽ മറുപടിയ്ക്ക്

**ആഹാര സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ ;<br>ശ്രീ. വി. ശിവൻകുട്ടി ;<br>ശ്രീമതി കെ.എസ്. സലീഖ ;<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഹോട്ടലുകളിൽ ആഹാര സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വ്യാപാരി വ്യവസായി പ്രതിനിധികളുമായും ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികളുമായും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില കുറയ്ക്കാനും ഏകീകരിക്കാനും നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം പല ഹോട്ടലുകളും 5 ശതമാനം വില കുറയ്ക്കുകയുണ്ടായി. കൂടാതെ ഉപഭോക്തൃ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഹോട്ടലുകളുടെ വിലനിലവാരം നിരീക്ഷിച്ചു വരുന്നു. ഇതിനുപുറമെ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, ആരോഗ്യ വകുപ്പ്, പോലീസ് എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡ് അടങ്ങുന്ന കമ്മിറ്റിയും വിലനിലവാരം നിരീക്ഷിച്ചുവരുന്നു. |
| ബി) വില നിയന്ത്രിക്കുന്നതിനായി ഹോട്ടലുകാർക്ക് ഗ്രേഡ് നൽകിയിട്ടുണ്ടോ ; | ബി) വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ഹോട്ടലുകാർക്ക് ഗ്രേഡ് നൽകിയിട്ടില്ല. |
| സി) ഒരു പ്രദേശത്തുതന്നെ ഒരേ ഗ്രേഡിലുള്ള ഹോട്ടലുകളിൽ ഒരേ സാധനത്തിന് വില വ്യത്യാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) ഇതു സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ആഹാര സാധനങ്ങളുടെ ഗുണനിലവാരം, ഹോട്ടലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിൽ വ്യത്യാസമുണ്ടാകുന്നതു സ്വാഭാവികമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 307 — 06/07/2007 - ൽ മറുപടിക്ക്

## എഫ്.സി.ഐ. ഗോഡൗണുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. സാജു പോൾ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |

(എ) എഫ്.സി.ഐ. യുടെ സംസ്ഥാനത്തുള്ള ഗോഡൗണുകൾ അടച്ചുപൂട്ടി പൊതുവിതരണ രംഗത്ത് നിന്നും പിൻവാങ്ങുന്ന നയം സ്വീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) എഫ്.സി.ഐ. യുടെ സംസ്ഥാനത്തുള്ള ഗോഡൗണുകൾ അടച്ചുപൂട്ടി പൊതുവിതരണ രംഗത്ത് നിന്നും പിൻവാങ്ങുന്ന നയം സ്വീകരിച്ചിട്ടില്ലെന്ന് എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചില ഗോഡൗണുകൾ അടച്ചുപൂട്ടാനുള്ള നീക്കങ്ങൾ ആരംഭിച്ചപ്പോൾ സംസ്ഥാന സർക്കാർ ഇടപ്പെട്ടു നടപടികൾ നിറുത്തി വച്ചു.

(ബി) ഇതുവരെ എത്ര ഗോഡൗണുകളാണ് എഫ്.സി.ഐ. അടച്ചു പൂട്ടിയത് ;

(ബി) റെയിൽവേയുടെ നിസ്സഹരണം കാരണം അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയുടെയും കൊച്ചി ഡിപ്പോയുടെയും പ്രവർത്തനത്തിൽ താൽക്കാലികമായി തടസ്സം നേരിട്ടിട്ടുണ്ട്.

(സി) എഫ്.സി.ഐ. യുടെ ഈ നയം മൂലം ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(സി) കേന്ദ്ര റെയിൽവേ മന്ത്രിയും കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയും മുഖ്യമന്ത്രിയും, ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പു മന്ത്രിയും നിവേദനം നൽകുകയും റെയിൽവേ/ എഫ്.സി.ഐ. അധികാരികളുമായി അങ്ങാടിപ്പുറം ഡിപ്പോ പ്രവർത്തനക്ഷമമാക്കുന്നതിനെ സംബന്ധിച്ച് ചർച്ചകൾ നടന്നു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 306 — 6.7.2007 ൽ മറുപടിയ്ക്ക്

## നിറം കലർത്തിയ അരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ ;<br>ശ്രീ. എം. ചന്ദ്രൻ ;<br>ശ്രീ. സി.എം. ദിനേശ് മണി ;<br>ശ്രീ. കെ.കെ. ജയചന്ദ്രൻ ;<br>ശ്രീ. എം.കെ. പുരുഷോത്തമൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിൽ നിന്ന് ഉല്പാദിപ്പിക്കുന്ന അരി, മില്ലുടമകൾക്ക് നൽകി പകരം അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മോശമായ അരി നിറം കലർത്തി പൊതുവിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏല്പിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണഫലം വെളിപ്പെടുത്തുമോ ; | എ) 2004-05 കാലയളവിൽ നിറം കലർത്തിയ അരി വിതരണം നടത്തിയതായി പരാതി ഉണ്ടായതിനെത്തുടർന്ന് ഒരു സ്വകാര്യ മില്ലിനെതിരെ അന്വേഷണം നടത്തി കടുത്ത പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 387/05 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഈ വർഷം എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും എത്ര ടൺ അരിയാണ് ഇതുവരെ വിതരണത്തിനായി മില്ലുകളിൽ നിന്ന് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | ബി) ഈ വർഷം രണ്ടു വിളകളിലായി 2259208.34 ക്വിന്റൽ നെല്ല് സംഭരിക്കുകയും 907003.36 ക്വിന്റൽ അരി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ - അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 309** **6/07/2007 ൽ മറുപടിക്ക്**

**പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പ്രേമനാഥ്<br>ശ്രീ ജോസ് തെറ്റയിൽ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.കെ.പി.മോഹനൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ദ്വിമുഖ സമീപനമുള്ള ഒരു വികസന തന്ത്രമാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് എടുത്തുപറയത്തക്ക മൂന്ന് സവിശേഷതകളാണ് ഉള്ളത്. ഒന്നാമതായി ആധുനിക വ്യവസായം, പശ്ചാത്തലവികസനം, വിജ്ഞാനവ്യവസായം, വിവരസാങ്കേതികവിദ്യ ഇവ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പ്രതിസന്ധി നേരിടുന്ന കാർഷികമേഖല, മത്സ്യബന്ധനം, കയർമേഖല, പരമ്പരാഗത വ്യവസായം എന്നിവയ്ക്ക് അർഹമായ ഊന്നൽ നൽകി പരിപോഷിപ്പിക്കുക.<br>രണ്ടാമതായി അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സഹായത്തോടെ വികസനം താഴെത്തട്ടിൽ എന്നത് സാർത്ഥകമാക്കുക. (വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ സുസ്ഥിരമാക്കുക എന്ന ലക്ഷ്യത്തോടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയാണ്. ഇത് സംബന്ധിച്ച് തദ്ദേശ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു)<br>മൂന്നാമതായി ഉത്പാദനമേഖലയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹിക സുരക്ഷിതത്വം എന്നിവയ്ക്കും ഊന്നൽ നൽകുക എന്നിവയാണ്. |
| (ബി) പത്താം പഞ്ചവത്സര പദ്ധതി യിൽ നിന്നും എന്തൊക്കെ കാര്യങ്ങളിലാണ് പതിനൊന്നാം പദ്ധതി അടിസ്ഥാനപരമായി വ്യത്യസ്തമായിരിക്കുന്നത് എന്ന് വിശദീകരിക്കുമോ; | (ബി) പത്താം പദ്ധതിരേഖയിൽ പറഞ്ഞിട്ടുള്ളത് പ്രകാരം വർദ്ധിച്ച തോതിലുള്ള മൂലധന നിക്ഷേപം വിദേശത്ത് വിനിമയത്തിലെ കാര്യക്ഷമത, ഓഹരിവിറ്റഴിക്കൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയുള്ളവയിൽ സുതാര്യവും അനുകൂലവുമായ പരിഷ്കാര നടപടികൾ സ്വീകരിക്കുകയും ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ സാമ്പത്തികവളർച്ചയ്ക്ക് കൈവരിക്കുകയും ചെയ്യുക എന്നതായിരുന്നു പത്താം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യം. പത്താം പദ്ധതിയിൽ വൈദ്യുതി, ഗതാഗതം, വ്യവസായവും ധാതുക്കളും, ഗ്രാമവികസനം, കൃഷിയും അനുബന്ധ മേഖലകളും, ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും എന്നീ മേഖലകൾക്കാണ് മുൻഗണന നൽകിയിരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പതിനൊന്നാം പദ്ധതിക്ക് എടുത്ത് പറയത്തക്ക മൂന്ന് സവിശേഷതകളാണുള്ളത്.<br>i) ആധുനികവ്യവസായവും, പശ്ചാത്തലവികസനവും, വിജ്ഞാന |

സംരംഭകത്വവും, വിവരസാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പ്രതിസന്ധി നേരിടുന്ന കാർഷികമേഖല, മത്സ്യബന്ധനം, മൃഗസംരക്ഷണം, പരമ്പരാഗതവ്യവസായം എന്നിവയ്ക്ക് ഊന്നൽ നൽകി പരിപോഷിപ്പിക്കുക.

ii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വികസനം താഴെത്തട്ടിൽ എന്നത് സാർത്ഥകമാക്കുക.

iii) ഉല്പാദനമേഖലയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹിക സുരക്ഷിതത്വം എന്നിവയ്ക്ക് ഊന്നൽ നൽകുക എന്നിവയാണ്.

കൂടാതെ ജനനന്മയും പാവപ്പെട്ടവരെ പ്രത്യേകിച്ചും ലക്ഷ്യമിട്ടുകൊണ്ടും ഉള്ള പദ്ധതിയിൽ ' ഫ്ലാഗ്ഷിപ്പ് ' എന്ന് അറിയപ്പെടുന്ന പത്തോളം പ്രധാന പദ്ധതികളും ആവിഷ്കരിച്ചിരിക്കുന്നു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സ്ത്രീശാക്തീകരണം, തൊഴിൽ, സാമൂഹികസുരക്ഷിതത്വം, ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനം, വിവരസാങ്കേതികവിദ്യ, പോഷകാഹാര പരിപാടി, ഗ്രാമീണ ഊർജ്ജവികസനം, ജലസംരക്ഷണം എന്നിവയാണ് ഫ്ലാഗ്ഷിപ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പത്താം പദ്ധതിയിൽ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ സ്ഥാപനവൽക്കരിക്കപ്പെട്ടിരുന്നു. എന്നാൽ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഇത് സുസ്ഥിരമാക്കുന്നതിന് ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയാണ്. കാർഷികരംഗം പുനരുജ്ജീവിപ്പിക്കലും, പ്രാദേശിക സാമ്പത്തിക വികസനവും പാവപ്പെട്ടവർക്ക് ലഭിക്കുന്ന പൊതുസേവനങ്ങൾ മെച്ചപ്പെടുത്തലും ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) 2007-08 ലെ വാർഷിക (സി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ?

പദ്ധതികൾക്ക് വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കണമെന്നാണ് ആസൂത്രണകമ്മീഷനും, ആസൂത്രണബോർഡും നിഷ്കർഷിച്ചിട്ടുള്ളത്. ഓരോ ത്രൈമാസത്തിലും കൈവരിക്കേണ്ട പദ്ധതി ലക്ഷ്യങ്ങളും നിശ്ചയപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയപ്പെടുത്തിയിട്ടുള്ള നേട്ടങ്ങൾ കൈവരിക്കാൻ ഓരോ മാസവും പദ്ധതി നിർവ്വഹണത്തിന്റെ അവലോകനം വകുപ്പ് തലവന്മാർ നടത്താറുണ്ട്. പദ്ധതി പുരോഗതി ക്രോഡീകരിച്ചുനൽകാൻ ആസൂത്രണവകുപ്പിന്റെ കീഴിൽ സെൻട്രൽ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഇതുകൂടാതെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. മുഖ്യമന്ത്രിതലത്തിൽ വകുപ്പ് സെക്രട്ടറിമാരുമായും വകുപ്പദ്ധ്യക്ഷന്മാരുമായും പദ്ധതി അവലോകനം ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം റഫറൻസിനായി നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 310.** **6.7.2007-ൽ മറുപടിയ്ക്ക്**

### പുതിയതായി ഗവേഷണ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജയരാജൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ.പ്രദീപ്കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ജെ. തങ്കപ്പൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ: | (എ) ഉണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിൽ താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയുണ്ടായി.<br><br>(i) സെന്റർ ഓഫ് എക്സലൻസ് ഇൻ പ്ളാന്റ് ടാക്സോണമി<br>(ii) സെന്റർ ഓഫ് എക്സലൻസ് ഇൻ ഇൻലാൻറ് അക്വാ കൾച്ചർ<br>(iii) സെന്റർ ഓഫ് എക്സലൻസ് ഇൻ ലൈഫ് സയൻസസ്.<br>(iv) സെന്റർ ഓഫ് എക്സലൻസ് ഇൻ ജിയോമാറ്റിക്സ് ആന്റ് എൻവയോൺമെന്റൽ മാനേജ്മെന്റ്<br>(v) കേരള സ്ക്കൂൾ ഓഫ് മാത്തമാറ്റിക്സ്<br><br>സംസ്ഥാനത്ത് ഒരു IITയും ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനവും വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആയി ഉയർത്തുന്നത് സംബന്ധിച്ച ആവശ്യവും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് അക്വാട്ടിക് റിസർച്ച് സെന്റർ, സെന്റർ ഫോർ മോളിക്യൂളാർ മെറ്റീരിയൽ സയൻസ് എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പദ്ധതി സമർപ്പിച്ചുണ്ടോ; | (ബി) | ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അനുകൂല നടപടി ഉണ്ടായിട്ടുണ്ടോ? | (സി) | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് സ്ഥാപിക്കുന്നതിനുള്ള ആദ്യ ഗഡു സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 311** — **6.7.2007-ൽ മറുപടിക്ക്**

**കൊച്ചിയിൽ ബിസിനസ് ഷോ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സാജു പോൾ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ചെറുകിട വ്യവസായ മേഖലയ്ക്കായി കൊച്ചിയിൽ ബിസിനസ്ഷോ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കായി കൊച്ചിയിൽ സെപ്റ്റംബർ 27 മുതൽ 29 വരെ ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം മേഖലകളിലെ വ്യവസായങ്ങളെയാണ് മേളയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) നമ്മുടെ സംസ്ഥാനത്തിലെ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിലെ കയർ, ഭക്ഷ്യ കാർഷിക സംസ്കരണം, ആയുർവേദവും ഔഷധസസ്യമേഖലയും, കരകൗശലം, കൈത്തറി, മുളയും കൈതയും, റബ്ബറും റബ്ബറുൽപ്പന്നങ്ങളും തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങളെയാണ് മേളയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) വിദേശരാജ്യങ്ങളിൽ നിന്നും പരമാവധി ഇടപാടുകാരെ പങ്കെടുപ്പിക്കാൻ ശ്രമം നടത്തുമോ; | (സി) ശ്രമം നടത്തുന്നുണ്ട്. |
| (ഡി) മുൻ സർക്കാർ സംഘടിപ്പിച്ച 'ബിസിനസ് ടു ബിസിനസ്' കൊണ്ട് എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ: | (ഡി) ഉണ്ടായിട്ടുണ്ട്. |

| | |
|---|---|
| (ഇ) ചെറുകിട വ്യവസായികളെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും മെഗാ ഷോപ്പിംഗ് മേളകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) ചെറുകിട വ്യവസായികളുടെയും വ്യാപാരികളുടെയും വിൽപ്പന മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി, എല്ലാ ജില്ലാ ആസ്ഥാനങ്ങളും കേന്ദ്രീകരിച്ച് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 312** | **6.7.2007-ൽ മറുപടിക്ക്**

**സ്വയം തൊഴിൽ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.പി.ടി.എ.റഹീം. | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ആർ.വൈ) വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉതകുന്ന തരത്തിലുള്ള ഈ പദ്ധതി 1993-94 മുതൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഏതെല്ലാം തൊഴിലുകൾ തുടങ്ങാനാണ് സഹായം നൽകുന്നത്; | (ബി) വ്യവസായം, സേവനം, കച്ചവടം, കാർഷികാനുബന്ധ പരിപാടികൾ എന്നിവ ഉൾപ്പെടെ സാമ്പത്തിക ലാഭം നൽകുന്ന ഏതു പദ്ധതികളും ധനസഹായം ലഭ്യമാകും. |
| (സി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞവർഷം എത്ര പേർക്ക് വായ്പ അനുവദിച്ചു; | (സി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 29008 പേർക്ക് വായ്പ അനുവദിച്ചു. |
| (ഡി) സ്വയം തൊഴിൽ തുടങ്ങുന്നവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ വികസന ആഫീസർമാർ സ്വയം തൊഴിൽ തുടങ്ങുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമായി ബന്ധ |

പ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും സെമിനാറുകൾ സംഘടിപ്പിക്കുകയും യോഗ്യരായവരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച്,അർഹരായവരെ കണ്ടെത്തി വിജയ സാദ്ധ്യതയുള്ള അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്കുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. കൂടുതൽ അപേക്ഷകരെ കണ്ടെത്തുന്നതിനായി എന്റർപ്രണർഡെവലപ്പ്മെന്റ് പ്രോഗ്രാം, എൻട്രി അവയർനെസ് പ്രോഗ്രാം എന്നിവ നടത്തുന്നു. വായ്പ ലഭ്യമാകുന്ന വ്യവസായ മേഖലയിലുള്ളവർക്ക് 15-20 ദിവസത്തെയും കച്ചവട മേഖലയിലുള്ളവർക്ക് 7-10 ദിവസത്തെയും ട്രെയിനിംഗ് നൽകുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 313 | 6.7.2007-ൽ മറുപടിയ്ക്ക് |

പി.എസ്.സി. പരീക്ഷാകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ. വി. തോമസ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. വർക്കല കഹാർ | വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പി.എസ്.സി. നടത്തുന്ന എഴുത്തു പരീക്ഷകളിൽ പലതും അതാതു ജില്ലകളിലെ പരീക്ഷാകേന്ദ്രങ്ങളിൽ മാത്രം നടത്താതെ മറ്റു ജില്ലകളിലെ പരീക്ഷാകേന്ദ്രങ്ങളിൽക്കൂടിയും നടത്തുന്നതുമൂലംഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്രകാരം മറ്റു ജില്ലകളിൽ പരീക്ഷാകേന്ദ്രങ്ങൾ നിശ്ചയിക്കുന്നതു എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലും അവരെ ഉൾക്കൊള്ളിക്കാനുള്ള സ്കൂളുകൾ/ കോളേജുകളുടെ ലഭ്യത അതാത് ജില്ലകളിൽ കുറവായതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. |
| (സി) ഉദ്യോഗാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയാസവും സാമ്പത്തിക ബാധ്യതയും വരുത്തിവയ്ക്കുന്നതിനാൽ അതാതു ജില്ലകളിൽത്തന്നെ പി.എസ്.സി. പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി കൈക്കൊള്ളുമോ ? | (സി) അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പി.എസ്.സി.പരീക്ഷാകേന്ദ്രങ്ങളാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 314 — 6-7-2007ൽ മറുപടിക്ക്

## പാലുൽപ്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പാൽ, പാലുല്പന്ന മേഖലയിൽ ഏതെല്ലാം സർക്കാർ, സർക്കാരിതര ഏജൻസികൾ പ്രവർത്തിച്ചുവരുന്നു; | (എ) കേരളത്തിലെ പാൽ, പാലുൽപ്പന്ന വിപണന മേഖലയിൽ സർക്കാർ ഏജൻസികളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ സർക്കാരിന്റെ സഹായത്തോടെയും, നിയന്ത്രണത്തിലും, സഹകരണനിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ, മൂന്നു മേഖലാ ക്ഷീരോല്പാദക യൂണിയനുകൾ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) എന്നിവയ്ക്ക് പുറമെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പി.ഡി.ഡി.പി, മലനാട് എന്നീ സ്ഥാപനങ്ങളും കൂടാതെ സ്വകാര്യ ഡയറികളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം പാലുല്പന്നങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നത്; | (ബി) പാലിനു പുറമെ പാലുല്പന്നങ്ങളായ തൈര്,വെണ്ണ,നെയ്യ്,സംഭാരം, ഐസ്ക്രീം, പേഡ, സിപ്പ് അപ്പ്, പാൽപ്പൊടി, മിൽക്ക് ഹൽവ, യോഗർട്ട് തുടങ്ങിയ ഉൽപ്പന്നങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. |
| (സി) ഈ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലുല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പി.എഫ്.എ (പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ) നിയമ പ്രകാരം ആരോഗ്യവകുപ്പിൻ കീഴിൽ ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ അവശ്യ സാധന നിയന്ത്രണ നിയമത്തിലെ മിൽക്ക് |

ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും സാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തുകയും, ഡയറികൾ പരിശോധിച്ച് പാലിന്റേയും, പാലുല്പന്നങ്ങളുടേയും നിർമ്മാണം ശുദ്ധവും, സുരക്ഷിതവുമായാണ് നടക്കുന്നതെന്നു ഉറപ്പു വരുത്തുന്നു.

(ഡി) ഇതിന്റെ ഫലപ്രദമായ നിയന്ത്രണത്തിന് നിലവിൽ എന്തു ഉദ്യോഗസ്ഥ പരിശോധനാ സംവിധാനങ്ങളാണ് ഉള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ (എം.എം.പി.ഒ) പ്രകാരം പാലും പാലുല്പന്നങ്ങളും സംസ്കരിച്ച് വിപണനം ചെയ്യുന്ന ഡയറികൾ രജിസ്റ്റർ ചെയ്യുന്ന സ്റ്റേറ്റ് രജിസ്റ്ററിംഗ് അതോറിറ്റി ക്ഷീരവികസന വകുപ്പ് ഡയറക്ടറാണ്. വിപണിയിൽ നിന്ന് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നതിനുള്ള അധികാരം ക്ഷീര വികസന വകുപ്പിലെ ജില്ലാതല ഗുണനിയന്ത്രണ ഉദ്യോഗസ്ഥർക്കാണ്. പാലിന്റെയും, പാലുൽപ്പന്നങ്ങളുടേയും സ്റ്റാറ്റ്യൂട്ടറി പരിശോധന നടത്തുന്നതിന് എം.എം.പി.ഒ പ്രകാരം അധികാരം ലഭിച്ചിട്ടുള്ള ക്ഷീരവികസന വകുപ്പിന്റെ ലബോറട്ടറി ആലത്തൂരിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതോ വിപണനം ചെയ്യുന്നതോ ആയ എല്ലാ ഭക്ഷ്യ വസ്തുക്കളുടേയും സാമ്പിളുകൾ ശേഖരിച്ച് പ്രിവൻഷൻ ഓഫ് ഫുഡ് അഡൾട്ടേറേഷൻ നിയമം അനുസരിച്ച് പരിശോധിക്കുന്നത് സംസ്ഥാന ആരോഗ്യ വകുപ്പിൻ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാരാണ്.

(ഇ) പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിലനിലവാരം ഏകീകൃതവും ശാസ്ത്രീയവുമായ രീതിയിൽ ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) കമ്പോള വ്യവസ്ഥിതിയിൽ ഉല്പാദന ചെലവനുസരിച്ച് ഉല്പന്നങ്ങളുടെ വിലയിൽ വ്യതിയാനം ഉണ്ടാകാറുണ്ടെങ്കിലും സർക്കാർ നിയന്ത്രണത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മിൽമയുടെ ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്ത് ഏകീകൃതവും ശാസ്ത്രീയവുമായാണ് വില നിശ്ചയിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 315 6-7-2007 ൽ മറുപടിക്ക്

### പ്രവാസി മലയാളികൾക്കുവേണ്ടി ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസിമലയാളികൾക്കു വേണ്ടി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്നത് ; | (എ)<br>പ്രവാസി മലയാളികളുടെ ക്ഷേമത്തിനും അവരുടെ പ്രശ്നപരിഹാരങ്ങൾക്കുമായി വിവിധ പദ്ധതികൾ അവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പ്രവാസികാര്യ-വകുപ്പ് തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായി 'സാന്ത്വന' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പ്രവാസി മലയാളികളുടെ ചികിത്സയ്ക്കും മരണമടഞ്ഞ പ്രവാസികളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും അവരുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹാവശ്യത്തിനും ഒറ്റ തവണയായി ധനസഹായം നൽകിവരുന്നുണ്ട്. വിദേശത്ത്വച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതദേഹം തിരികെ നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്നതിനുവേണ്ടി 'എമർജൻസി റിപാട്രിയേഷൻ ഫണ്ടും' രൂപീകരിച്ചിട്ടുണ്ട്. പ്രവാസിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നോർക്ക-റൂട്ട്സ് എന്ന സ്ഥാപനം മുഖേന വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾക്കായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. വിദേശത്ത്വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും പെൺകുട്ടികളുടെ വിവാഹാവശ്യത്തിനും ഭവന വായ്പ തിരിച്ചടയ്ക്കുന്നതിനും ചികിത്സയ്ക്കും ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. കൂടാതെ വിദേശത്ത് ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരംഭ പദ്ധതിയും (ഇ.ഡി.പി) ആവിഷ്ക്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) വിദേശത്ത് തൊഴിൽതേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി ' പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ ' എന്ന പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. |
| (സി) വിദേശത്ത് ജോലി ചെയ്യുന്നവർ മരണപ്പെട്ടുപോയാൽ അവരുടെ മൃതദേഹം നാട്ടിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാനും വേണ്ട സഹായങ്ങൾ ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ ? | (സി) വിദേശത്ത് ജോലിചെയ്യവെ മരണമടയുന്നവരുടെ മൃതദേഹം താമസംവിനാ നാട്ടിൽകൊണ്ടുവരുന്നതിന് അതാത് രാജ്യങ്ങളിലെ എംബസികളുമായി ബന്ധപ്പെട്ട് ആവശ്യമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഈ നടപടിക്രമങ്ങളിൽ ഏകപക്ഷീയമായ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് ആവില്ല. ഈ നടപടിക്രമങ്ങൾ വീണ്ടും ലഘൂകരിക്കുന്നതിന് കേന്ദ്ര പ്രവാസികാര്യ-വകുപ്പിന്റെയും വിദേശ രാജ്യങ്ങളിലെ സർക്കാരുകളുടെയും അനുമതിയും ഇടപെടലും ആവശ്യമായിവരും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 316 — 6.7.2007-ൽ മറുപടിയ്ക്ക്

പുതുതായി പി.എസ്.സി. ക്ക് വിടാൻ തീരുമാനിച്ച നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എ. എം. ആരിഫ് | വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തീരുമാനിച്ചു ;<br><br>(ബി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.ക്ക് വിട്ട് ഉത്തരവായി എന്ന് അറിയിക്കുമോ ; ഇനി ഏതെങ്കിലും സ്ഥാപനത്തിന്റെ നിയമനം പി.എസ്.സി.ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (എ) + (ബി)<br><br>കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട് (12.2.2007-ലെ ജി.ഒ. (എം.എസ്) 4/2007/ട്രാൻ പ്രകാരം). ഇതിന്റെ കരട് നോട്ടിഫിക്കേഷൻ പി.എസ്.സി. യുടെ അഡ്വൈസിനായി അയക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വംബോർഡുകളിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ജീവനക്കാരുടെ നിയമനം പബ്ളിക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നിയമ നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള നിയമനിർമ്മാണം നടന്നുവരുന്നു. ഗുരുവായൂർ ദേവസ്വത്തിലെ അഡ്മിനിസ്ട്രേറ്റീവ്സർവ്വീസിൽപ്പെട്ട ജീവനക്കാരുടെ നിയമനം പബ്ളിക് സർവ്വീസ് കമ്മീഷന് വിടുന്നതിന് നിയമഭേദഗതി ചെയ്യുന്നകാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 317

6..7..2007-ൽ മറുപടിയ്ക്ക്

## നോളജ് പാർക്ക്

**ചോദ്യം**

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

(എ) സംസ്ഥാനത്തു നോളജ് പാർക്ക് തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ടോ;

(ബി) ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കും;

(സി) നോളജ് പാർക്ക് കൊണ്ട് അർത്ഥമാക്കുന്നതെന്താണെന്നും ഇതു വ്യവസായ തൊഴിൽ രംഗങ്ങളിൽ ഉണ്ടാക്കുന്ന മാറ്റം എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ. എളമരം കരീം
(ബഹു.വ്യവസായ വകുപ്പുമന്ത്രി)

(എ) 11-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോളജ് സിറ്റികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഒന്നാംഘട്ട നടപടിയായി തൃശ്ശൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും ഓരോ നോളജ് പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികളാണ് ഇതിനോടകം ആരംഭിച്ചിട്ടുള്ളത്.

(സി) നോളജ് പാർക്ക് സ്ഥാപിക്കുന്നതു വഴി ഉണ്ടാകുന്ന പ്രയോജനങ്ങളും തൊഴിൽ രംഗങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും താഴെ പറയുന്നു:

- വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെയും സ്ഥാപനങ്ങളുടെയും ഒരു കേന്ദ്ര ബിന്ദുവായി പ്രവർത്തിക്കുക
- സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും ഗവേഷണത്തിനുമുള്ള സൗകര്യങ്ങൾ നൽകുക, അങ്ങനെ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയും ഉത്പന്നങ്ങളും പരീക്ഷിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ.
- വിവര സാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ, ഐ.ടി അനുബന്ധ വ്യവസായങ്ങൾ, നാനോ ടെക്നോളജി, മൈക്രോഇലക്ട്രോണിക്സ് എന്നീ വിജ്ഞാനാധിഷ്ഠിത മേഖലകളുടെ വികസനവും അതിന് അടിസ്ഥാനമായിട്ടുള്ള വാണിജ്യ മേഖലകളുടെ വളർച്ചയും
- ഇന്റീജിനിയസ് സാങ്കേതിക വിദ്യയുടെ വികാസത്തിനും സാങ്കേതിക വിദ്യാ കൈമാറ്റങ്ങൾക്കും സൗകര്യം നൽകുക
- സ്വയം പര്യാപ്തമായ സാങ്കേതിക വിദ്യയുടെ വികസനം.
- വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിന് അതിനൂതനമായ സാഹചര്യം ഒരുക്കുക.

പ്രസ്തുത നോളജ് പാർക്ക് സ്ഥാപിക്കുന്നത് വഴി നൂതന ആശയങ്ങളും, ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും കുറഞ്ഞ ചിലവിൽ സ്വായത്തമാക്കുവാനും അതുവഴി ശാസ്ത്ര നേട്ടങ്ങൾ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലൂടെ വികസിപ്പിച്ചെടുക്കുവാനും, സാമ്പത്തിക ഭദ്രത കൈവരിക്കുവാനും കഴിയും

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 318      6-7-2007 ൽ മറുപടിക്ക്

## പ്രവാസിമലയാളികൾക്ക് വോട്ടവകാശം

**ചോദ്യം**

ശ്രീ. പി.എം.എ. സലാം
ശ്രീ. എ.കെ.ശശീന്ദ്രൻ

പ്രവാസിമലയാളികളടക്കമുള്ള ഇന്ത്യാക്കാർക്ക് വോട്ടവകാശം ലഭിക്കുന്നതിനായി അവരുടെ പേരുകൾ വോട്ടർപട്ടികയിൽ ചേർക്കാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ ?

**ഉത്തരം**

ശ്രീ. വി.എസ് അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

മലയാളികൾ അടക്കമുള്ള പ്രവാസി ഇന്ത്യാക്കാർക്ക് വോട്ടവകാശം ലഭിക്കാനായി അവരുടെ പേരുകൾ വോട്ടർപട്ടികയിൽ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാന സർക്കാരും കേന്ദ്ര ഗവൺമെന്റും സംയുക്തമായി കേന്ദ്ര തിരഞ്ഞെടുപ്പുകമ്മീഷനുമായി കൂടിയാലോചിച്ച് നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 319 — 6.07.2007-ൽ മറുപടിക്ക്

## മീറ്റ് പ്രൊഡക് ട്സ് ഓഫ് ഇൻഡ്യയുടെ " വളർത്തുകൂട്ടം " പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ.എസ്. ബിജിമോൾ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. എ.കെ. ചന്ദ്രൻ: | ശ്രീ. സി. ദിവാകരൻ, ( ഭക്ഷ്യവും സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) മാംസോൽപ്പന്ന രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ; | (എ) ഉണ്ട്. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്. |
| (ബി) ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാംസം സംസ്ഥാനത്ത് നിന്ന് ലഭ്യമാണോ ; ഇല്ലെങ്കിൽ മാംസലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ലഭ്യമല്ല. മാംസോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് 11-ാം പദ്ധതികാലത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും മറ്റ് തൊഴിൽദാന പദ്ധതികളിലും, മൃഗ സംരക്ഷണ മേഖലയിലെ പ്രോജക് ടുകൾ കൂടുതലായി ഉൾപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിലൂടെ ആട്, ഇറച്ചിക്കോഴി, കാട, പന്നി, ഇറച്ചിക്കാള, ടർക്കി, മുയൽ, താറാവ് എന്നിവ വളർത്തലിന് പ്രാധാന്യം കൊടുക്കുന്നു. ഇതു കൂടാതെ മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ആട്, പന്നി, മുയൽ, ടർക്കി, താറാവ് എന്നിവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വളർത്തുവാനായി ലഭ്യമാക്കി വരുന്നു. |

(സി) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ " വളർത്തുകൂട്ടം " പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളും നടത്തിപ്പും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

(സി) ഉണ്ട്. മാംസോൽപ്പാദന മേഖലയിൽ കേരളത്തെ സ്വയം പര്യാപ്തമാക്കുക എന്നതാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വളർത്തുകൂട്ടം പദ്ധതിയുടെ ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിലും മറ്റ് തൊഴിൽദാന പദ്ധതികളിലും മാംസോൽപ്പാദന മേഖലയിലെ മൃഗസംരക്ഷണ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഇതിലൂടെ ഉത്പാദിപ്പിക്കുന്ന പക്ഷികളെയും മൃഗങ്ങളെയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് തിരിച്ചെടുക്കുന്ന പദ്ധതിയാണ് വളർത്തുകൂട്ടം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ താൽപ്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തും. ഇങ്ങനെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ യോഗ്യമായ ഏതെങ്കിലും തൊഴിൽ ദാന പദ്ധതിയുമായി യോജിപ്പിക്കും. തുടർന്ന് പ്രസ്തുത പദ്ധതി വഴി പരിശീലനവും കൊടുക്കും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 320 — 6.7.2007 ൽ മറുപടിക്ക്

മിൽക്ക് ഷെഡ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി. വേണുഗോപാൽ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) മിൽക്ക് ഷെഡ് പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) 2007-08 സാമ്പത്തിക വർഷത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് മിൽക്ക് ഷെഡ് പദ്ധതി. സംസ്ഥാനത്ത് തെരെഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ 2 കറവപശു, 5 കറവപശു, 10 കറവപശുക്കൾ വീതമുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, കിടാരികളെ വളർത്തുന്നതിനും, ഗർഭിണി പശുക്കൾക്ക് കാലിത്തീറ്റ നൽകുന്നതിനും കാലിത്തൊഴുത്ത് പുനരുദ്ധരിക്കുന്നതിനും ആവശ്യമായ ധനസഹായം ഈ പദ്ധതി മുഖേന നൽകുന്നു. പദ്ധതി പ്രദേശത്ത് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് സംഭരണവിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ധനസഹായം അനുവദിക്കുന്നു. 2007-08-ൽ ഈ പദ്ധതിക്കായി മൊത്തം 4.9 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ തുക കേന്ദ്ര ഗവൺമെന്റ് അനുവദിക്കുമോ; | (ബി) ഇല്ല. ഇതിനുള്ള തുക സംസ്ഥാന സർക്കാരിന്റെ നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. |
| (സി) ഇതനുസരിച്ച് പശുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി ആരംഭിച്ചുകഴിഞ്ഞോ; | (സി) ഇല്ല. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നതേയുള്ളൂ. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തശേഷം അവർ വാങ്ങുന്ന പശുക്കളെയാണ് ഇൻഷ്വർ ചെയ്യുന്നത്. |

(ഡി) ഇതിനകം ഇത്ര പശുക്കളെ ഇൻഷ്വർ ചെയ്തു;

(ഡി) ബാധകമല്ല

(ഇ) എത്ര പശുക്കളെ ഇൻഷ്വർ ചെയ്യുവാനാണ് പദ്ധതി തയ്യാറാക്കിയത്?

(ഇ) 5,870 പശുക്കളെ ഇൻഷ്വർ ചെയ്യുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - T 321 — 6. 7. 2007 ൽ മറുപടിക്ക്

## ലോകബാങ്ക് സഹായത്തോടുകൂടി ജലപാതകൾ

**ചോദ്യം**

പ്രൊഫ. എൻ. ജയരാജ് :
ശ്രീ. സി.എഫ് തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :

**ഉത്തരം**

ശ്രീ. വി.എസ് അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് ഏതൊക്കെ ജലപാതകൾ വികസിപ്പിക്കുവാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 77 കിലോമീറ്ററോളം വരുന്ന മൂന്ന് ഉൾനാടൻ ജലപാതകൾ പൈലറ്റ് പദ്ധതി എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന ജലപാതകളാണ് പുനരുദ്ധരിക്കുന്നത്.

1. ആലപ്പുഴ-കോട്ടയം - 23 കി.മീ.
2. ആലപ്പുഴ-ചങ്ങനാശ്ശേരി 28 കി.മീ.
3. കോട്ടയം - വൈക്കം - 26 കി.മീ.

(ബി) ഇങ്ങനെയുള്ള ഏതെങ്കിലും ജലപാതകളുടെ വികസന പദ്ധതികൾക്ക് തടസ്സം നേരിട്ടുണ്ടോ ;

(ബി) കരാറനുസരിച്ച് ഈ പദ്ധതിയുടെ കാലാവധി 24 മാസമായിരുന്നു. 16.9.2003 ലാണ് പണി തുടങ്ങിയത്. കരാറനുസരിച്ച് 9.9.2005-ലാണ് പണി തീർക്കേണ്ടിയിരുന്നത് എന്നാൽ പണി തീർക്കേണ്ട സമയമായിട്ടും പദ്ധതിയുടെ പുരോഗതി വളരെ മോശമായതിനാൽ (2005 ജൂൺ വരെ 12.3% പണികളേ തീർന്നിട്ടുള്ളൂ) 16.6.2005-ൽ കരാർ റദ്ദ് ചെയ്തതായി കോൺട്രാക്ടറെ അറിയിച്ചു. ഇതിന്റെ ഫലമായി ഈ പദ്ധതിയ്ക്ക് തടസ്സം നേരിട്ടു.

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(സി) കരാർ നിർത്തിവച്ചതിന്റെ ഫലമായി ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് വളരെ അത്യാവശ്യമായ പണികളായ പാലങ്ങൾ, കലുങ്കുകൾ, ഫുട് ബ്രിഡ്ജുകൾ എന്നിവയുടെ പണി ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ഈ പണികൾക്ക് വേണ്ടി ലോക ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പുതിയ ദർഘാസുകൾ 4.6.2007-ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ അവസാന തീയതി 12.7.2007 ആണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: "322"

6.07.2007 ന്
മറുപടിയ്ക്ക്

"സി-ഡിറ്റിന്റെ പ്രവർത്തനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>" വി.ചെന്താമരാക്ഷൻ<br>" കെ.വി.കുഞ്ഞിരാമൻ<br>" സി.എച്ച്.കുഞ്ഞമ്പു<br>" ആനത്തലവട്ടം ആനന്ദൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സി-ഡിറ്റിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കേരള സർക്കാരിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ (ടി.എസ്.പി) എന്ന നിലയിൽ കമ്മ്യൂണിക്കേഷൻസ്, ടെക്നോളജി മേഖലയിൽ സർക്കാർ-വകുപ്പുകൾക്കും, സ്വയം ഭരണ-പൊതുമേഖലാ സ്ഥാപനങ്ങൾക്കും തൃപ്തികരമായ സേവനം-സി-ഡിറ്റ് നൽകിവരുന്നുണ്ട്. സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ എല്ലാ വർഷവും അക്കൗണ്ടന്റ് ജനറലിന്റെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെയും, ആഡിറ്റിന് വിധേയമാക്കുന്നുണ്ട്. |
| ബി) സി-ഡിറ്റിന്റെ പ്രവർത്തന മേഖല ഏതെല്ലാമാണ്; ഏതെല്ലാം പദ്ധതികളാണ് സി-ഡിറ്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്; | (ബി) സി-ഡിറ്റിന്റെ പ്രവർത്തന മേഖല ചുവടെ ചേർക്കുന്നു<br>1. ശാസ്ത്ര സാങ്കേതിക ഗവേഷണം<br>2. വിഷ്വൽ കമ്മ്യൂണിക്കേഷൻ<br>3. ഇൻഫർമേഷൻ ടെക്നോളജി.<br>4. ഐ.റ്റി.വിദ്യാഭ്യാസം<br>5. ഇ-ഗവേണൻസ്<br>സി-ഡിറ്റ് ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. കേന്ദ്രസർക്കാരിന്റെ ഇൻഫർമേഷൻ & ടെക്നോളജി വകുപ്പിനു വേണ്ടി നടപ്പിലാക്കുന്ന VBG (Volume Bragg Grating) പ്രോജക്ട്.<br>2. കേരളസർക്കാർ സ്ഥാപനമായ ബിവറേജസ് കോർപറേഷനു വേണ്ടി ഹോളോഗ്രാം സെക്യൂരിറ്റി നിർമ്മാണം.<br>3. കേരളത്തിലെ വിവിധ സർവകലാശാലകൾക്കും ഇതര ഏജൻസികൾക്കും ഹോളോഗ്രാം പതിച്ച സർട്ടിഫിക്കറ്റുകളുടെ നിർമ്മാണം.<br>4. ലോട്ടറി വകുപ്പിനു വേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ.<br>5. നികുതി വകുപ്പിനു വേണ്ടിയുള്ള 'ലക്കിവാറ്റ്' പ്രചാരണ പ്രവർത്തനങ്ങൾ.<br>6. പബ്ളിക് റിലേഷൻസ് വകുപ്പിനു വേണ്ടിയുള്ള 'ന്യൂസ് ക്ളിപ്പിങ്ങ്' പരിപാടി തയാറാക്കൽ.<br>7. സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഡോക്യുമെന്ററി നിർമ്മാണവും പരസ്യ ചിത്രങ്ങളുടെ നിർമ്മാണവും |

8. സബ് രജിസ്ട്രാർ ആഫീസുകളിൽ ഡിജിറ്റൽ ഇമേജ് പ്രിന്റർ സ്ഥാപിക്കുന്നതിനു വേണ്ടിയുളള 'ഇ ആധാരം' പദ്ധതി.
9. കേരള സർവകലാശാല മാനുസ്ക്രിപ്റ്റ് ലൈബ്രറി ഡിജിറ്റൈസേഷൻ.
10. സംസ്ഥാന സർക്കാരിന്റേയും മറ്റിതര സർക്കാർ സ്ഥാപനങ്ങളുടേയും 200-ൽ പരം വെബ്സൈറ്റു കളുടെ രൂപകൽപ്പനയും പരിപാലനവും.
11. ഭരണ ഭാഷ മലയാളമാക്കുന്നതിനു വേണ്ടിയുളള 'കാവേരി, 'നിള' സോഫ്ട്വെയറുകളുടെ നിർമ്മാണം.
12. ഐ.ടി.@ സ്കൂൾ പദ്ധതിക്കു വേണ്ടിയുളള മൾട്ടിമീഡിയ സി.ഡി നിർമ്മാണം.
13. 'ഫ്രണ്ട്സ്' ജനസേവന കേന്ദ്രത്തിനു വേണ്ടിയുളള സോഫ്ട് വേയർ നിർമ്മാണവും നടത്തിപ്പിനു വേണ്ടിയുളള സാങ്കേതിക സഹായവും.
14. ഇൻഫർമേഷൻ ടെക്നോളജി-മീഡിയ രംഗങ്ങളിൽ ആധുനിക കോഴ്സുകളുടെ നടത്തിപ്പ്.
15. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുവേണ്ടി 'സൈബർശ്രീ' എന്ന ഫിനിഷിങ്ങ് സ്കൂൾ.
16. അക്ഷയ ഇ-പേ പ്രോജക്ടിനുളള സാങ്കേതിക സഹായം.
17. കിർത്താഡ്സ് കംപ്യൂട്ടറൈസേഷൻ പദ്ധതി
18. കേരള സാഹിത്യ അക്കാദമി ഇ പുസ്തകം പദ്ധതി.

| | | | |
|---|---|---|---|
| സി) | സോഫ്റ്റ് വെയർ നിർമ്മാണ രംഗത്ത് കൈവരിച്ചിട്ടുളള നേട്ടങ്ങൾ വ്യക്തമാക്കുമോ: | (സി) | സി-ഡിറ്റ് വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വേണ്ടി 20 ൽപ്പരം സോഫ്റ്റ് വെയറുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനകം വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. |
| ഡി) | സി-ഡിറ്റിന്റെ ആഭിമുഖ്യത്തിൽ കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നുണ്ടോ: | (ഡി) | ഉണ്ട്- സി-ഡിറ്റ് എഡ്യൂക്കേഷണൽ പാർട്ണർഷിപ്പ് പദ്ധതിപ്രകാരം, കേരള സംസ്ഥാനമൊട്ടാകെ 300 ഓളം കേന്ദ്രങ്ങളിൽ മൂന്ന് മാസംമുതൽ ഒന്നരവർഷം വരെ ദൈർഘ്യമുളള 25 കംപ്യൂട്ടർ കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ ഒരു വർഷം ദൈർഘ്യമുളള ആനിമേഷൻ, മൾട്ടി മീഡിയ, സയൻസ് ഡവലപ്പ്മെന്റ് കമ്മ്യൂണിക്കേഷൻ എന്നീ കോഴ്സുകൾ സി-ഡിറ്റ് നേരിട്ടും നടത്തുന്നു. |
| ഇ) | സ്വതന്ത്ര സോഫ്റ്റ്വെയർ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ: | (ഇ) | ഉണ്ട്- സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രചരണ ത്തിനും നടത്തിപ്പിനും വേണ്ടി സി-ഡിറ്റിൽ ഓപ്പൺ സോഴ്സ് ടെക്നോളജി (ഒ.എസ്.ടി) എന്ന പേരിൽ പ്രത്യേക ടീംതന്നെ പ്രവർത്തിച്ചു വരുന്നു. ഈ ടീമിന്റെ മേൽനോട്ടത്തിൽ സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വതന്ത്ര സോഫ്ട്വെയർ പാക്കേജുകളുടെ വികസനവും, അതിനാവശ്യമായ പരിശീലനവും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| എഫ് | സി-ഡിറ്റിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണ നയിലുണ്ടോ? | എഫ് | ഉണ്ട്- മുൻവർഷങ്ങളിൽ ശരാശരി 12 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിരുന്ന സ്ഥാനത്ത്. ഈ സാമ്പത്തിക വർഷം "26" കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് സി-ഡിറ്റ് ലക്ഷ്യമിടുന്നത്. ഇതിൽ "18" കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകംതന്നെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. കൂടാതെ സി-ഡിറ്റിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ചാനലും, ഐ.റ്റി കമ്മ്യൂണിക്കേഷൻ മേഖലയിൽ ഫിനിഷിങ്ങ് സ്കൂളും. ഓപ്പൺ സോഴ്സ് ടെക്നോളജി സംസ്ഥാനതല പരിശീലന കേന്ദ്രവും ആരംഭിക്കുവാനും പദ്ധതിയുണ്ട്. |

Valsala

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 323 — 6.7.2007 ൽ മറുപടിക്ക്

## പാൽവില

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. ശക്തൻ<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിനു പറത്തു നിന്ന് മിൽമ 2007 ഏപ്രിൽ മേയ് മാസങ്ങളിൽ എന്തു വിലയ്ക്കാണ് പാൽ വാങ്ങിയത്; ഇപ്രകാരം വാങ്ങുന്ന പാലിന്റെ ഫാറ്റ് കണ്ടന്റ് എത്രയായിരുന്നു; | (എ) 2007 ഏപ്രിൽ മേയ് മാസങ്ങളിൽ കർണ്ണാടക ഫെഡറേഷനിൽ നിന്നും 3.5% ഫാറ്റ് 8.5% എസ്.എൻ.എഫ് (കൊഴുപ്പിതര ഗുണനിലവാരമുള്ള പാൽ കിലോഗ്രാമിന് 12 രൂപ 50 പൈസ വിലയ്ക്കും മഹാരാഷ്ട്രയിലെ കോൽഹാപ്പൂർ ജില്ലയിലെ സഹകരണ യൂണിയൻ ഡയറികളായ വർണ്ണാ ഡയറിയിൽനിന്നും 3.8% ഫാറ്റ് 8.5% എസ്.എൻ.എഫ് ഗുണനിലവാരമുള്ള പാൽ കിലോഗ്രാമിന് 14രൂപ 25 പൈസയും, 6.5% ഫാറ്റ് 9% എസ്.എൻ.എഫ് ഗുണനിലവാരമുള്ള പാൽ (എരുമപാൽ) 18രൂപ 60 പൈസ വിലയ്ക്കും കോൽഹാപ്പൂർ ഡയറിയിൽ നിന്നും 3.8% ഫാറ്റ് 8.5% എസ്.എൻ.എഫ് ഗുണനിലവാരമുള്ള പാൽ കിലോഗ്രാമിന് 14 രൂപ വിലയ്ക്കുമാണ് മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഇതിന്റെ കടത്തുകൂലി മിൽമയാണ് നൽകുന്നത്. കർണ്ണാടകയിൽ നിന്നും മഹാരാഷ്ട്ര ഡയറികളിൽ നിന്നും വാങ്ങിയ പശുവിൻ പാലിന്റെ ശരാശരി ഫാറ്റ് 3.8% വും, മഹാരാഷ്ട്രയിൽ നിന്നും വാങ്ങിയ എരുമപ്പാലിന്റെ ഫാറ്റ് 6.6% വും ആയിരുന്നു. |
| (ബി) സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങുന്ന പാലിന് കൊടുക്കുന്ന വില സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് നൽകാ | (ബി) മുൻ വർഷങ്ങളിൽ വേനൽക്കാലത്ത് പാൽ ഉല്പാദനം കുറയുമ്പോൾ സംസ്ഥാനത്ത് |

| | |
|---|---|
| അത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | വിപണനാവശ്യത്തിന് പാൽ തികയാതെ വരുമ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും ആവശ്യത്തിന് പാൽ ഇറക്കുമതി ചെയ്യാറുണ്ട്. ഈ വർഷം പാലിനും പാൽ ഉൽപന്നങ്ങൾക്കും ദേശീയ തലത്തിൽ ഡിമാന്റും വിലയും വർദ്ധിച്ചതുമൂലവും സംസ്ഥാനത്ത് പാലിന് കടുത്ത ക്ഷാമം നേരിടുകയും ചെയ്ത സാഹചര്യത്തിൽ, പാൽ ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ വില നൽകി, അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യേണ്ടി വന്നത്. എന്നാൽ ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിലാണ് സംഭരണ വില നിശ്ചയിക്കുന്നത്. ഇതനുസരിച്ച് മറ്റേതൊരു സംസ്ഥാനത്ത് നൽകുന്ന വിലയെക്കാൾ കേരളത്തിലെ ക്ഷീര കർഷകർക്ക് പാൽ സംഭരണ വില മിൽമ നൽകുന്നുണ്ട് മാത്രമല്ല പാൽ ഉപഭോക്തൃവില കേരളത്തെ അപേക്ഷിച്ച് അന്യ സംസ്ഥാനങ്ങളിൽ കൂടുതലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 324

06-07-2007 -ലെ
മറുപടിക്ക്

ഉപഭോക്തൃ അവകാശ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻ പിള്ള | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾസംരക്ഷിക്കുന്നതിന്റെ ഭാഗമായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുകയും പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. വർഷം തോറും ഡിസംബർ 24 ന് ദേശീയ ഉപഭോക്തൃ ദിനവും മാർച്ച് 15 ന് ലോക ഉപഭോക്തൃ അവകാശ ദിനവും ആചരിക്കുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കളിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും ഗുണമേന്മയെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം ഉപഭോക്തൃ വാരാചരണം സംഘടിപ്പിക്കാറുണ്ട്. ഉപഭോക്തൃ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി **www.consumeraffairskerala.gov.in** എന്ന വെബ്സൈറ്റ് ഉണ്ട്.<br><br>ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾക്കായി ഒരു ജില്ലയ്ക്ക് 1,25,000 രൂപ വീതം 17.5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് ഉപഭോക്താവിന്റെ ഉന്നമനത്തിനും താല്പര്യ സംരക്ഷണത്തിനും ഉതകുന്ന രീതിയിലുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾ ജില്ലാ തലത്തിൽ സംഘടിപ്പിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ബഹുവർണ്ണ പോസ്റ്ററുകളും പാംലെറ്റ്സുകളും അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. |

(ബി) ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ശക്തമായ ഒരു ഉപഭോക്തൃ സംസ്കാരം വളർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ രൂപീകരണത്തിനും അവരുടെ പ്രവർത്തനത്തിനും സർക്കാർ എല്ലാവിധ പ്രോൽസാഹനവും നൽകുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉപഭോക്തൃ സംരക്ഷണ രംഗത്ത് ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന സർക്കാർ രാജീവ്ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നാം സമ്മാനമായി 50,000 രൂപയും, രണ്ടാം സമ്മാനമായി 30,000 രൂപയും, മൂന്നാം സമ്മാനമായി 20,000 രൂപയും നൽകി വരുന്നു. ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഉപഭോക്തൃ ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാനത്തും ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പല നടപടികളും കൈക്കൊണ്ടുവരികയാണ്. ഇതിൽ പ്രധാനം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും നിലവിലുള്ള ഒഴിവുകൾ നികത്തുകയാണ്. നിലവിലുള്ള പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും ഒഴിവുകൾ നികത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ പൂർത്തിയാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോട്ടയം, മലപ്പുറം, വയനാട് എന്നീ ജില്ലാ ഫോറങ്ങളിൽ പ്രസിഡന്റുമാരെ നിയമിച്ചു കഴിഞ്ഞു. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ചുരുങ്ങിയ സേവനകാലാവധി 5 വർഷമായി വർദ്ധിപ്പിച്ചു. കാര്യക്ഷമമായ പ്രവർത്തനത്തിനുതകുംവിധം ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങി നൽകി.

| | | | |
|---|---|---|---|
| | | | കേസുകൾ തീർപ്പാക്കുന്നതിലെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന കമ്മീഷനേയും ജില്ലാ ഫോറങ്ങളേയും നെറ്റ് വർക്ക് മുഖാന്തിരം ബന്ധിപ്പിച്ചുകൊണ്ടുള്ള കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി NIC യുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയും ഇവ സംസ്ഥാന കമ്മീഷനും ജില്ലാ ഫോറങ്ങൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് പ്രോജക്ടിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദീകരിക്കുമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് പ്രോജക്ടിന്റെ ഭാഗമായി കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 2,65,50,000/- രൂപ അനുവദിക്കുകയുണ്ടായി. ഈ തുകയിൽ നിന്ന് 26,45,965/- രൂപ ഉപയോഗിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ ഫോറങ്ങൾക്ക് ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുകയുണ്ടായി. ബാക്കി തുകയായ 2,39,04,035/- രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും കെട്ടിടങ്ങൾ പണിയാനും നീക്കിവച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 325</u> — <u>06-07-2007-ന് മറുപടി നൽകേണ്ടത്.</u>

## ' കേരളത്തിലെ എം.പി.മാരുടെ യോഗം '

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജോർജ്ജ് എം. തോമസ്. | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ). കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ യോഗം ഏറ്റവും അവസാനം വിളിച്ചു ചേർത്തത് എന്നാണെന്ന് വെളിപ്പെടുത്തുമോ ; | എ). കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ സാധാരണ യോഗം ഏറ്റവും അവസാനം വിളിച്ചുചേർത്തത് 2007 ഫെബ്രുവരി മാസം 3-ാം തീയതിയാണ്.<br>റെയിൽവേയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 30-06-07-ൽ എം.പി.മാരുടെ ഒരു അടിയന്തിര യോഗവും കൂടിയിട്ടുണ്ട്. |
| ബി). കേരളത്തെ സംബന്ധിച്ച ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തത് ; | ബി). 03-02-07-ലെ യോഗത്തിൽ, വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടയിനർ ടെർമിനൽ പദ്ധതി യാഥാർത്ഥ്യമാക്കുക, മുല്ലപ്പെരിയാറിന്റെ സുരക്ഷ ഉറപ്പാക്കുക, കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള നടപടി, തിരുവനന്തപുരം മെഡിക്കൽ കോളേജിന് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പദവി, റെയിൽവേ പാതകളുടെ വികസനം, പാത ഇരട്ടിപ്പിക്കൽ, പുതിയ ട്രെയിനുകളും കോച്ചുകളും അനുവദിക്കുക, ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ് സ്ഥാപിക്കുക, പാലക്കാട് റെയിൽവേ ഡിവിഷൻ നിലനിർത്തുക, ചെറിയ ബോഗി ഫാക്ടറികൾ കേരളത്തിൽ സ്ഥാപിക്കുക, കണ്ണൂർ വിമാനത്താവളത്തിന് തത്വാധിഷ്ഠിത അംഗീകാരം നൽകുക, കാസർഗോഡ്, തലായി എന്നീ തുറമുഖങ്ങൾക്ക് ഭരണാനുമതി നൽകുക, മണ്ണെണ്ണയുടെയും ഗോതമ്പിന്റെയും ക്വാട്ട വർദ്ധിപ്പി- |

ക്കുക, വായ്പ എടുക്കാനുള്ള പരിധി ഉയർത്തുക, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ കാർഷിക മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക, നാളികേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുക, തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, 'കില'യെ ഒരു കേന്ദ്ര സർവ്വകലാശാലയാക്കുക, പാമോയി ലിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും ഇറക്കുമതി ചുങ്കം കുറയ്ക്കുന്നതിനുള്ള നടപടി പിൻവലിക്കുക, വാറ്റ് നടപ്പാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതി യിൽ മാറ്റം വരുത്തുക, പെട്രോളിയം സെസ്സ് ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാവുന്ന അർഹമായ വിഹിതം ലഭ്യമാക്കുക, സ്പോർട്സ് വികസനത്തിന് കേന്ദ്ര സഹായം തുടർന്നും ലഭ്യമാക്കുക, ആലപ്പുഴയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക തുടങ്ങി കേന്ദ്ര ഗവൺമെന്റിന്റെയും പാർലമെന്റിന്റെയും അടിയന്തിര ശ്രദ്ധവേണ്ടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു.

റെയിൽവേയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 30-06-2007-ൽ വിളിച്ചുകൂട്ടിയ പ്രത്യേക യോഗത്തിൽ തിരുവനന്തപുരം. റെയിൽവേ ഡിവിഷൻ ചീഫ് എഞ്ചിനീയർ ആഫീസ് ചെന്നൈയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചതും, പാലക്കാട് റെയിൽവേ ഡിവിഷനെ വെട്ടിമുറിച്ചുകൊണ്ട് സേലം ഡിവിഷൻ രൂപീകരിക്കാൻ തീരുമാനിച്ചതും, ബാംഗ്ലൂർ - തിരുവനന്തപുരം, മംഗലാപുരം മാവേലി, ഗരീബ്രഥ് തുടങ്ങിയ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും, ഓണക്കാലത്ത്, ചെന്നൈ, കൽക്കട്ട, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രത്യേക സർവ്വീസ് തുടങ്ങണമെന്ന ആവശ്യം സംബന്ധിച്ചും ചർച്ച ചെയ്തു.

[.............3]

സി). പ്രസ്തുത യോഗ തീരുമാനപ്രകാരം സ്വീകരിച്ച അനന്തര നടപടികൾ എന്തെല്ലാ മാണ് ;

സി). 03-02-2007-ലെ യോഗത്തിൽ എടുത്ത തീരുമാന പ്രകാരം സംസ്ഥാനത്തിൽ നിന്നുള്ള എം.പി.മാരുടേയും, സംസ്ഥാന ഗവൺമെന്റിന്റെയും ഫല പ്രദമായ ഇടപെടൽമൂലം സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര റയിൽവേ മന്ത്രിയുമായി ചർച്ച നടത്തുകയും റെയിൽവേയെ സംബന്ധിച്ച കേരളത്തിന്റെ ആവശ്യങ്ങൾ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതാത് വകുപ്പുകൾ പ്രത്യേകമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്.

30-06-2007-ലെ യോഗ തീരുമാന പ്രകാരം ബഹു : മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ സർവ്വകക്ഷി സംഘം ഡൽഹിയിൽച്ചെന്ന് പ്രധാനമന്ത്രിയെ കണ്ട് സേലം ഡിവിഷൻ രൂപീകരണം സംബന്ധിച്ച് കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ ചർച്ചചെയ്ത് ധാരണയിലെത്തുന്നതുവരെ ഡിവിഷന്റെ പണി സ്റ്റേ ചെയ്യിക്കണമെന്നും, കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന ജനത്തിന് പരമാവധി സഹായം എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യ പ്പെട്ട് നിവേദനം നൽകി.

ഡി). കേരളത്തിലെ പ്രശ്നങ്ങൾ യഥാസമയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും മറ്റുമായി ഡൽഹിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

ഡി). ഉണ്ട്.

ഇ). ഇതുമൂലം കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഇ). അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ സത്വരം കൊണ്ടുവരാനും അവയുടെ തുടർ നടപടികളും തീരുമാനങ്ങളും ത്വരിതപ്പെടുത്തുവാനും കേന്ദ്ര ധന സഹായങ്ങളും വിഹിതവും വേഗത്തിൽ ലഭ്യമാക്കാനും കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെ യഥാസമയം അറിയിക്കുവാനും ഈ സംവിധാനത്തിന് കഴിയുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 326

6.7.2007 ൽ
മറുപടിയ്ക്ക്

## കേന്ദ്രം അധികമായി അനുവദിച്ച ഗോതമ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു ;<br>ശ്രീ. വർക്കല കഹാർ ;<br>ശ്രീ. ജി. കാർത്തികേയൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ അഭ്യർത്ഥന പ്രകാരം 2006 നവംബർ മുതൽ 8000 ടൺ ഗോതമ്പ് അധികമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നോ ; | എ) 2006 നവംബർ മാസം മുതൽ പ്രതിമാസം 8000 മെട്രിക് ടൺ എ.പി.എൽ. ഗോതമ്പ് അധികമായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നു. |
| ബി) ഇതിൽ 5000 ടൺ ആട്ടയാക്കി റേഷൻ കടകളിലൂടെ വിതരണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നോ ; | ബി) എ.പി.എൽ. ഗോതമ്പ് വിഹിതമായ 11777 മെട്രിക് ടണ്ണിൽ നിന്നുമാണ് സെപ്റ്റംബർ 2006 മുതൽ 5000 മെട്രിക് ടൺ ഗോതമ്പ് ആട്ടയാക്കി വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകിയത്. |
| സി) 2006 നവംബർ മുതൽ 2007 ഫെബ്രുവരി വരെ ഇതിനകം എത്ര ടൺ ഗോതമ്പ് സംസ്ഥാനം വാങ്ങി ; | സി) 2006 നവംബർ മുതൽ 2007 ഫെബ്രുവരി വരെ ഇതിനകം 6850 മെട്രിക് ടൺ ഗോതമ്പ് ആട്ടയാക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുത്തിട്ടുണ്ട്. |
| ഡി) എല്ലാ ജില്ലകളിലും ഗോതമ്പ് ആട്ടയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | ഡി) ഗോതമ്പ് ആട്ടയാക്കി സംസ്ഥാനത്തെ അഞ്ചു ജില്ലകളിലെ റേഷൻ കടകളിലൂടെ വിതരണം നടത്താനാണ് കേന്ദ്ര സർക്കാർ അനുവാദം നൽകിയിരുന്നത്. തുടർന്ന് എല്ലാ ജില്ലകളിലും വിതരണം നടത്താൻ കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ചു. |
| ഇ) ഈ ഗോതമ്പ് ഉപയോഗിച്ചു നിർമ്മിച്ച ആട്ട മാവേലി, നീതി സ്റ്റോറുകൾ വഴി വിറ്റിട്ടുണ്ടോ ; എങ്കിൽ എന്തു വിലയ്ക്കാണ് വിറ്റത് ; | ഇ) മാവേലി സ്റ്റോറുകൾ വഴി ആട്ട വില്പന നടത്തിയിട്ടില്ല. തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ റേഷൻ കടകൾ മുഖേനയും തിരഞ്ഞെടുത്ത പൊതുവിതരണ കേന്ദ്രങ്ങളായ നീതി സ്റ്റോറുകൾ മുഖേനയും ആട്ട വില്പന നടത്തിയിട്ടുണ്ട്. കിലോഗ്രാമിന് 11 രൂപ വച്ചാണ് വില്പന നടത്തിയത്. |

VERNMENT OF KERALA

7574102

| | | | |
|---|---|---|---|
| എഫ്) | ഈ നടപടി കേന്ദ്ര സർക്കാർ നിർദ്ദേശത്തിനനുസൃതമാണോയെന്ന് വ്യക്തമാക്കുമോ ? | എഫ്) | കേന്ദ്ര സർക്കാർ നിർദ്ദേശാനു- സരിച്ചാണ് ഭാഗമായി നടപ്പാക്കി [illegible] |

[illegible]

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 327 — 6.7.2007-ൽ മറുപടിക്ക്

### വിദേശ വ്യവസായ കുത്തകകളുടെ കടന്നുകയറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.രാജു എബ്രഹാം<br>പ്രൊ.സി.രവീന്ദ്രനാഥ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വിദേശ കുത്തകകളുടെ കടന്നുകയറ്റം ചെറുകിട വ്യവസായങ്ങൾക്ക് ഭീഷണിയായിത്തീർന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചെറുകിട വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ചെറുകിട വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി ക്ലസ്റ്റർ വികസന പദ്ധതി, വൻകിട വ്യവസായങ്ങൾക്കനുയോജ്യമായ അനുബന്ധ വ്യവസായങ്ങൾ, SURP, ഗ്രോത്ത് പോൾ പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. വ്യവസായ മേഖലയിൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരംഭിക്കുന്നതിനും ഉതകുന്ന ഒരു പുതിയ പദ്ധതിക്ക് (ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം) ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബയർ സെല്ലർ മീറ്റുകൾ, അന്തർദേശീയ വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള അവസരം നിലവിലുള്ള പദ്ധതികളുടെ ഫലപ്രദമായ ഉപയോഗം എന്നിവയും ചെറുകിട വ്യവസായങ്ങളുടെ വളർച്ചയെ സഹായിക്കുന്നു. |

കൂടാതെ സംസ്ഥാന വ്യവസായ വകുപ്പ് "ട്രേഡ് ടെക്നോളജി ബിസിനസ് ഷോ" "മെയ്ഡ് ഇൻ കേരള", "കേരള ബാംബൂ ഫെസ്റ്റ്" എന്നീ മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ ചെറുകിട വ്യവസായികളുടെ ഉൽപ്പന്നങ്ങൾ സിഡ്കോയുടെ എക്സ്പോർട്ട് ഡിവിഷൻ മുഖാന്തിരം വിപണനം നടത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.

| | |
|---|---|
| (സി) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) കേന്ദ്ര സർക്കാരിന്റെ ചെറുകിട വ്യവസായ വികസന പദ്ധതിയിൽ (ഗ്രാമത്പോൾ) ഉൾപ്പെടുത്തി കേരളത്തിലെ ചെറുകിട വ്യവസായങ്ങളെ വികസിപ്പിക്കാൻ ശ്രമിക്കുമോ? | (ഡി) കേന്ദ്ര സർക്കാരിന്റെ ചെറുകിട വ്യവസായ വികസന പദ്ധതിയായ ഗ്രാമത്പോൾ പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നു. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഇപ്പോൾ നൽകുന്ന പ്രധാന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർജിൻ മണി വായ്പാ പദ്ധതി
2. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി.
3. വിപണന പ്രചാരണ സഹായം.
4. തീവ്ര വ്യവസായ വൽക്കരണ പദ്ധതി പ്രകാരമുള്ള സഹായങ്ങൾ.
5. കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സഹായം.
6. ആൻസിലറി വ്യവസായ വികസനം.
7. സാങ്കേതിക വികസന സഹായം.

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉത്പാദന സേവന മേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിന് ഉതകുന്ന വിധത്തിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ഒരുക്കും.
2. വ്യവസായ സംരംഭകർക്ക് ഭൂമി ലഭ്യത, പ്രകൃതി, വിസ്തീർണ്ണം , മൂല്യം തുടങ്ങിയ നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമി വിവര ബാങ്ക് രൂപീകരിക്കും.
3. വ്യവസായ വാണിജ്യ ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കും.
4. മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്കരണം എന്നീ മേഖലയെ സഹായിക്കുന്നതിനായി പ്രോത്സാഹന പദ്ധതി. മൊത്തം ചെലവിന്റെ 50% പരമാവധി 25 ലക്ഷം രൂപ.
5. കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. ആക്റ്റിനനുസൃതമായി എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും ഇൻസന്റീവ്, പ്രൈസ് പ്രിഫറൻസ്.
6. നിലവിലുള്ള നെഗറ്റീവ് ലിസ്റ്റ് പരിഷ്കരിച്ച് സേവനമേഖലയ്ക്ക് ഇൻസന്റീവ് നൽകും.

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 328 — 6.7.2007-ൽ മറുപടിക്ക്

### ചെറുകിട - ഇടത്തരം വ്യവസായ സംരംഭകർക്കുള്ള സഹായം

**ചോദ്യം**

ശ്രീ.രാജാജി മാത്യു തോമസ്
ശ്രീ.ബാബു പോൾ
ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീ.കെ.രാജു

(എ) സംസ്ഥാനത്ത് വരുന്ന വൻ വ്യവസായങ്ങൾക്കനുബന്ധമായി ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്കു വേണ്ടി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വരുന്ന വൻ വ്യവസായങ്ങൾക്കനുബന്ധമായി ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി "പ്രൊമോഷൻ ഓഫ് പ്രൊഡക്ഷൻ ഓഫ് ആൻസിലറീസ് ഫോർ ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്" എന്ന പുതിയ പദ്ധതിക്ക് (ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം) 2007-2008-ൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ളതും പുതുതായി വളർന്നുവരുന്നതുമായ വ്യവസായ സംരംഭങ്ങളിലെ ഉപ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് വരുന്ന വൻ വ്യവസായങ്ങൾക്ക് അനുബന്ധമായി ചെറുകിട ഇടത്തരം വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരംഭിക്കുന്നതിനുമായി സർക്കാർ സുപ്രധാന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്.

കൂടാതെ വൻകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. 30-ഓളം പ്രോജക്ട്

പ്രൊഫൈലുകൾ തയ്യാറാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം ചെറുകിട വ്യവസായ സംരംഭകർക്ക് സാദ്ധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) ഡിഫൻസ്, റെയിൽവേ, സ്പേസ് റിസർച്ച് എന്നീ മേഖലകളിൽ ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്യുന്നതിനും ജനറൽ എൻജിനീയറിംഗ് മേഖലകൾ റബ്ബർ, ടൂറിസം, ടെക്സ്റ്റൈൽ, മറൈൻ ഫുഡ്സ്, ഫുഡ് പ്രോസസിംഗ്, മിനറൽസ്, സിറാമിക് തുടങ്ങിയ മേഖലകളിലൊക്കെ സാദ്ധ്യതയുണ്ട്. |
| (സി) ഇത്തരം വ്യവസായ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (സി) വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇത്തരം വ്യവസായ സംരംഭകർക്ക് ഗവൺമെന്റ് നൽകാനുദ്ദേശിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) മറ്റ് വ്യവസായങ്ങൾക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും അതാത് സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ഇത്തരം വ്യവസായങ്ങൾക്കും നൽകുന്നതാണ്. കൂടാതെ ഇത്തരം വ്യവസായസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായി ബയർ-സെല്ലർ മീറ്റുകൾ, എക്സിബിഷനുകൾ, ശില്പശാലകൾ, ക്ലസ്റ്റർ രൂപീകരണം, സാങ്കേതിക വിദ്യ കണ്ടെത്തലും ലഭ്യമാക്കലും, ഇത്തരം വ്യവസായങ്ങളുടെ ഡയറക്ടറി, വെബ് പോർട്ടൽ തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 329

06.07.2007ൽ മറുപടിയ്ക്ക്

## ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ പി.ജെ.ജോസഫ്
ശ്രീ.വി.സുരേന്ദ്രൻപിള്ള
ശ്രീ.മോൻസ് ജോസഫ്

(എ) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

**ഉത്തരം**

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പു മന്ത്രി.)

(എ) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

(1) ഖാദി സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് 50 ലക്ഷം രൂപ നടപ്പു വർഷം വകയിരുത്തിയിട്ടുണ്ട്.

(2) ഖാദി സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണത്തിന് നടപ്പു വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(3) ഖാദി നെയ്ത്തു കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് 165 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(4) തേനീച്ച വളർത്തൽ വ്യവസായ വികസനത്തിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(5) ബോർഡിന്റെ ഗ്രാമ വ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് 23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(6) ഡിപ്പാർട്ടുമെന്റൽ ഖാദി യൂണിറ്റുകളുടെ പുനഃരുദ്ധാരണത്തിന് 75 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

(7) ഖാദി പ്രചരണവും വിപണനവും ലക്ഷ്യമാക്കി സ്കൂൾ കുട്ടികളും സർക്കാർ ഉദ്യോഗസ്ഥരും ആഴ്ചയിൽ

ഒരു ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(8) ഖാദി നൂൽപ്പു തൊഴിലാളികൾക്ക് കഴി ഒന്നിന് 10 പൈസ നിരക്കിലും നെയ്ത്തുകാർക്ക് കഴി ഒന്നിന് 40 പൈസ നിരക്കിലും ഉല്പാദന ഇൻസെന്റീവ് നൽകി വരുന്നുണ്ട്.

| | |
|---|---|
| (ബി) ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായി എന്തെല്ലാം സംവിധാനമാണുള്ളത് ; | (ബി)ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ വിൽക്കാനുദ്ദേശിച്ച് ഖാദി ബോർഡിന് വിൽപന ശാലകൾ ഉണ്ട്. പ്രസ്തുത വിൽപ്പന ശാലകൾ വഴി ഗ്രാമ വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിച്ചുവരുന്നു. ബോർഡ് വിശേഷ അവസരങ്ങളിൽ പ്രത്യേക മേളകൾ സംഘടിപ്പിച്ച് ഉല്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. ഖാദി കമ്മീഷന്റെ ധനസഹായത്തോടെ സംസ്ഥാന ജില്ലാതല പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന ഖാദിഗ്രാമ വ്യവസായ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. |
| (സി) ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി മൊബൈൽ വിൽപ്പനശാലകളുടെ എണ്ണം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഇക്കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല. |
| (ഡി) വ്യാപാര മേളകളും പ്രദർശനങ്ങളും കൂടുതൽ ഊർജ്ജിതമാക്കുമോയെന്ന് വെളിപ്പെടുത്തുമോ; | (ഡി) വ്യാപാര മേളകളും പ്രദർശനങ്ങളും കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു |
| (ഇ) ഗ്രാമ വ്യവസായ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ? | (ഇ) പുതിയ പദ്ധതികളൊന്നും പ്രത്യേകമായി ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

---

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 330 06.07.2007ൽ മറുപടിക്ക്

ഗോതമ്പ് ആട്ടയാക്കി വിതരണം ചെയ്യുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) റേഷൻ കടകൾ വഴി വിതരണത്തിന് എത്തിക്കുന്ന ഗോതമ്പ് ആട്ടയാക്കി വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത് ; | (എ) ഉണ്ട്.<br>തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റു ജില്ലകളിലും തുടർന്ന് നടപ്പിലാക്കുന്നതാണ്. |
| (ബി) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) സംസ്ഥാനത്തെ മറ്റു ജില്ലകളിൽ കൂടി പദ്ധതി നടപ്പിലാക്കുവാൻ 21.06.2007-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.